കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്

# 2016-17

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ-ടി.എസ്.ആർ.(ബി.പി.1)1001/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020
e-mail.id :dotsr.ksad@kerala.gov.in
ഫോൺ: 0487 2331249

തീയതി : 09.08.2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് – 2016-17 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്
*************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-1, 3-4, 3-5, 3-9, 3-10 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം21(1(2) എന്നിവ കാണുക)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ് :-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരി പത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ
4. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ടി.എസ്.ആർ.(ബി.പി.1)1001/2017 തിയ്യതി : 09.08.2017

തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17
സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18.4.2017 മുതൽ 24.6.17 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2016-17 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ബാലകൃഷ്ണൻ.ഇ.ആർ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.6.2017 മുതൽ 28.6.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ റഫി ജോൺ, ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ബിത.ടി.എസ്, ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. നിജ്ജ.സി.എസ്, ഓഡിറ്റർ |

| (ബി)നിർവ്വഹണാധികാരികൾ | | |
|---|---|---|
| പ്രസിഡന്റ് | പി.സി. ശ്രീദേവി | 01.04.2016 മുതൽ 31.3.2017 വരെ |
| സെക്രട്ടറി | സി.ജി. കമലകാന്ത പൈ | 01.04.2016 മുതൽ 18.06.2016 വരെ |
| | ശ്രീമതി ടി..സി രാധാമണി | 19.06.2016 മുതൽ 07.07.2016 വരെ |
| | ശ്രീ ടി.ജി.അഭിജിത്ത് | 08.07.2016 മുതൽ 31.03.2017 വരെ |

| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
|---|---|---|
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീ.ലീലാകൃഷ്ണൻ. എം. | 01.04.2016 മുതൽ 08.01.2017 വരെ |
| | ശ്രീ.വി.ആർ.നരേന്ദ്രൻ | 09.01.2017 മുതൽ 31.03.2017 വരെ |
| പട്ടികജാതി വികസനഓഫീസർ | ശ്രീമതി സീന. എ.പി. | 01.04.2016 മുതൽ 10.04.2016 വരെ |
| | ശ്രീമതി സജിനി.പി.എം (അഡീ.ഇൻ ചാർജ്ജ്) | 11.04.2016 മുതൽ 30.05.2016 വരെ |
| | ശ്രീമതി സീന എ.പി. | 01.06.2016 മുതൽ 31.10.2016 F N വരെ |
| | ശ്രീമതി കെ ഒ വാലന്റീന | 31.10.2016 A N മുതൽ 09.11.2016 FN വരെ |
| | ശ്രീമതി.വി.പ്രഭിത | 09.11.2016 A N മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ സുനിൽകുമാർ കെ | 01.04.2016 മുതൽ 20.09.2016 വരെ |
| | ശ്രീ എം.കെ.സജീവ് | 21.09.2016മുതൽ 31.3.2017 വരെ |
| സൂപ്രണ്ട്, സി.എച്ച്.സി ,ആലപ്പാട് | ഡോ. മിനി.പി.എം | 01.04.2016 മുതൽ 05.09.2016 വരെ |
| | ഡോ. സിതാര രവീന്ദ്രനാഥ് | 06.09.2016 മുതൽ 31.03.2017 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ | ശ്രീമതി.സൂസൻ.കെ.എം | 01.04.2016 മുതൽ 15.07.2016 വരെ |
| | ശ്രീമതി.സിനി.കെ.എസ് | 16.07.2016 മുതൽ 31.03.2017 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.ലത മേനോൻ | 01.04.2016 മുതൽ 31.03.2017 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീ വി.ബി. ഉണ്ണികൃഷ്ണൻ | 01.04.2016 മുതൽ 28.06.2016 വരെ |
| | ശ്രീമതി കെ.ആർ. ഉഷാദേവി | 29.06.2016 F N മുതൽ 29.06.2016 A Nവരെ |
| | ശ്രീ കെ.ബി.രാജൻ | 30.06.2016 മുതൽ 29.07.2016 വരെ |
| | ശ്രീമതി കെ.ആർ. ഉഷാദേവി | 30.07.2016 മുതൽ 24.10.2016 വരെ |
| | ശ്രീ. കെ.ബി.രാജൻ | 25.10.2016 മുതൽ 13.02.2017 FN വരെ |

| | | |
|---|---|---|
| | ശ്രീ. ജിബിൻ ജോയ് | 13.02.2017 AN മുതൽ 28.02.2017 വരെ |
| | ശ്രീമതി കെ.പി. ഷൈമാബീവി | 01.03.2017 മുതൽ 31.03.2017 വരെ |
| ബ്ലോക്ക് ക്ഷീരവികസന ഓഫീസർ | ശ്രീ. രതീഷ് ബാബു | 01.04.2016മുതൽ 31.03.2017വരെ |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| | ഭാഗം 2 | |
| 10 | ബജറ്റിനോടുള്ള സമീപനം കാര്യക്ഷമമാക്കേണ്ടതാണ് | 2-1 |
| 11 | ഇന്റർപ്ററഡ് രശീതുകൾ ഒഴിവാക്കി സാംഖ്യ രശീതുകൾ ഉപയോഗിക്കേണ്ടതാണ് | 2-2 |
| 12 | പഴയ സ്റ്റോക്കിലുള്ള സാംഖ്യ രശീതുകൾ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു | 2-3 |
| | ഭാഗം 3 | |
| 13 | അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 3-1 |
| 14 | ബഡ്സ് സ്കൂളിലേക്കായി നൽകിട്ടുള്ള സെക്രട്ടറിയുടെ ഉടമസ്ഥതയിലുള്ള വാഹനം KL-08-BA 2966 ടാറ്റ വെൻചർ 2013ന്റെ ലോഗ്ബുക്ക് അശ്രദ്ധയോടെ കൈകാര്യം ചെയ്തു സംബന്ധിച്ച് | 3-2 |
| 15 | 5000/-രൂപ ജി.പി.ജി ട്രഷറി അക്കൗണ്ടിലേക്ക് തെറ്റി വരവു വന്നതു തിരിച്ചടയ്ക്കേണ്ടതാണ് | 3-3 |
| 16 | 1.8.2007 ൽ സ്വാഭിമാൻ പദ്ധതിക്കു വേണ്ടി തുടങ്ങിയ ASCB അക്കൗണ്ട് 31.3.17 ൽ അക്കൗണ്ട്സിൽ ചേർത്തു | 3-4 |
| 17 | സംരക്ഷണ ഗ്രാന്റ്-(റോഡിതരം) ചെലവഴിക്കൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധം | 3-5 |
| 18 | ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമല്ലാത്ത മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു-തുക തടസ്സപ്പെടുത്തുന്നു. | 3-6 |

| | | |
|---|---|---|
| 19 | സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി വ്യക്തിഗത ആനുകൂല്യങ്ങൾ ബ്ലോക്ക് പഞ്ചായത്ത് വഴി നൽകി-തുക തടസ്സപ്പെടുത്തുന്നു. | 3-7 |
| 20 | വനിതാ ഗ്രൂപ്പുകൾക്ക് തെങ്ങിൻ തൈ വിതരണം - മാർഗ്ഗരേഖക്കു വിരുദ്ധമായ നടത്തിപ്പ്. | 3-8 |
| 21 | ഇന്ദിര ആവാസ് യോജന – സ്പിൽ ഓവർ വീടുകളുടെ പൂർത്തീകരണം -നിരീക്ഷണങ്ങൾ | 3-9 |
| 22 | പദ്ധതി ആസൂത്രണവും നിർവ്വഹണവും-ഒരു പരിശോധന | 3-10 |
| ഭാഗം 4 | | |
| 23 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 24 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 26 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | സമാഹൃതറിപ്പോർട്ടിലേക്ക് ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 4.3.16 തിയ്യതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം 33,54,58,832 രൂപ പ്രതീക്ഷിത വരവും 33,34,93,319 രൂപ പ്രതീക്ഷിത ചെലവും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി/അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31-7-16 | 13.6.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

2016-17 വാർഷിക കണക്ക് പരിശോധനയിലെ അപാകതകൾ

1) 2016-17 സാമ്പത്തിക വർഷങ്ങളിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-9 ലെ 'Other creditors control Account ' എന്ന ഹെഡ്ഡിൽ 5,000 രൂപയും Government and other dues payable & Refund of Unutilized Grants of prior period എന്ന ഹെഡ്ഡിൽ 2,40,216 രൂപയും കാണുന്നു. (ഓഡിറ്റ് ഖണ്ഡിക 3-3,3-4 ലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു)

2)2016-17 സാമ്പത്തിക വർഷങ്ങളിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18ലെ ' Temporary Advance for official purpose' എന്ന ഹെഡ്ഡിൽ 16415/- രൂപയും 'Advance to implementing officers' എന്ന ഹെഡ്ഡിൽ 106,670 രൂപയും കൂടി ആകെ 123085 രൂപ ഉള്ളതായി കാണുന്നു

എന്നാൽ Receipt and Payment Shedule 47 ൽ അഡ്വാൻസ് വരവ് ആയി Temporary Advance for official purpose'

എന്ന ഹെഡ്ഡിൽ 347,109/- രൂപയും 'Advance to implementing officers' എന്ന ഹെഡ്ഡിൽ 110,692 രൂപയും കൂടി ആകെ 457,801 രൂപ യും Shedule 47 ൽ അഡ്വാൻസ് ചെലവ് ആയി ഇതേ ഹെഡ്ഡുകളിലായി 280,261/- രൂപയും 217,362 രൂപയും കൂടി ആകെ 497,623 രൂപ യും ഉള്ളതായി കാണുന്നു.വ്യത്യാസം വിശദമാക്കേണ്ടതാണ്(ഓഡിറ്റ് എൻക്വയറി നം 10/27.6.2017). (ഓഡിറ്റ് ഖണ്ഡിക 3-1 ലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.)

3)RP 10 other imcome ൽ Audit recovery ആയി 1200/-രൂപ വരവ് കാണിച്ചിട്ടുണ്ട്.എന്നാൽ 64391/4 രശീത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 2006-07 ഖണ്ഡിക 3-5, 3-6 പ്രകാരമുള്ള ഓഡിറ്റ് റിക്കവറി തുക 3,300/- രൂപ താന്ന്യം സർവ്വീസ് കോ-ഓപ്പറേറ്റിവ് ബാങ്ക് തനതു ഫണ്ടിലേക്ക് അടവാക്കിയത് ഈ ഹെഡിൽ വന്നിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,82,51,034 /- |
| വരവ് | 5,46,80,354 /- |
| ആകെ | 9,29,31,388 |
| ചെലവ് | 7,42,08,672 |
| നീക്കിയിരിപ്പ് | 1,87,22,716 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 8328285 | 8328285 | 8328285 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി | 0 | 6164922 | 6164922 | 6164922 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി | 0 | 0 | 0 | 0 | - | 0 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 0 | 1608297 | 1608297 | 1608297 | 0 | 100 |
| ജനറൽപർപസ് ഗ്രാന്റ് | 3091400 | 4763943 | 7855343 | 3572985 | 4282358 | 45.48% |

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | അലോട്ട്മെന്റ് ബാക്കി |
|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 18880636 | 8328285 | 10552351 |
| വികസന ഫണ്ട് എസ്.സി.പി | 12177825 | 6164922 | 6012903 |
| വികസന ഫണ്ട് ടി.എസ്.പി | 10086 | - | 10086 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 2936865 | 1608297 | 1328568 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 3303996 | - | 3303996 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകരിച്ച പ്രോജക്ടുകളുടെ വിവരം താഴെക്കൊടുക്കുന്നു.

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ % |
|---|---|---|---|---|---|---|
| 68 | 35674800 | 31 | 16101504 | 30 | 7 | 45.58% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ-7

## 1-7 തനത് വരുമാനം

വിവര ശേഖരണത്തിലൂടെ ലഭ്യമാക്കിയ കണക്കുകളിൽ നിന്ന് സ്ഥാപനത്തിന് തനതുവരുമാനത്തിൽ 28.38% കുറവ് ഉണ്ട്. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ഇനം | മുൻവർഷത്തെ വരവ് | തൻവർഷത്തെ വരവ് | വ്യത്യാസം | വ്യത്യാസം %ൽ |
|---|---|---|---|---|
| നികുതി/നികുതിയേതര വരവുകൾ | 0 | 0 | 0 | 0 |
| മറ്റ് വരവുകൾ | 277471 | 216131 | 61340 | (-)28.38% |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.06.2017 തിയതിയിൽ 3.20 PMന് സ്ഥാപന തലവന്റെ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 0 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾനടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.9.2016 – 5.10.2016 | 2015-16 | 1.12.2016 |
| എ.ജി.ഓഡിറ്റ് | 23.2.2017 – 25.2.2017 | 2015-16 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റിനോടുള്ള സമീപനം കാര്യക്ഷമമാക്കേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് പ്രകാരം ഓരോ വർഷവും ജനവരി 15 ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റികൾ, സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നല്കുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി മേല്പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുമ്പ് ബ്ലോക്ക് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കേണ്ടതുമാണ്.

33,54,58,832 രൂപ വരവും 33,34,93,319ചെലവും പ്രതീക്ഷിക്കുന്ന അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ ബജറ്റ് 04.3.16 ൽ ഭരണസമിതി 1(1)-ാം നമ്പർ തീരുമാനപ്രകാരം പാസ്സാക്കി അംഗീകരിച്ചു. പിന്നീട് ബജറ്റ്പുതുക്കുകയുണ്ടായിട്ടില്ല . ബജറ്റ് തയ്യാറാക്കുന്നതിലേക്ക് എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ നൽകുകയോ അതു പാലിക്കുകയോ ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കാൻ തക്ക ഫയലുകളൊന്നും ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സൂക്ഷിച്ചിട്ടില്ല.

19,65,513 രൂപ മാത്രം മിച്ചം പ്രതീക്ഷിക്കുന്ന ഈ ബജറ്റിൽ ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ ഡിമാന്റും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. ഇവ തമ്മിലുള്ള ഒരു താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ ഡിമാന്റ് | വ്യത്യാസം (-)/(+) | വ്യതിയാനത്തിന്റെ ശതമാനം |
|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 15204000 | 8328285 | (-)6875715 | (-)82.55 |
| വികസനഫണ്ട്-എസ്.സി. പി | 12178000 | 6164922 | (-)6013078 | (-)97.53 |
| വികസനഫണ്ട്-ടി.എസ്.പി | 10000 | 0 | (-)10000 | (-)100 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 3304000 | 0 | (-)3304000 | (-)100 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 2937000 | 1608297 | (-)1328703 | (-)82.61 |
| സെക്യൂരിറ്റി നിക്ഷേപങ്ങൾ | 240000 | - | (-)240000 | (-)100 |
| മറ്റു വരവ് | 8,76,24,832 | 216131 | (-)87408701 | (-)404.42 |

പട്ടികയിൽ പറഞ്ഞ താരതമ്യത്തിൽ നിന്നും ബജറ്റ് നിർദ്ദേശങ്ങൾ ഭൂരിഭാഗവും യഥാർത്ഥ ഡിമാന്റുകളിൽ നിന്നും വളരെ കൂടുതലാണെന്ന് വ്യക്തമാകുന്നു. ഒരു നിശ്ചിത കാലയളവിൽ ഒരു സ്ഥാപനത്തിനുണ്ടയേക്കാവുന്ന ചെലവുകളുടെയും വരവുകളുടെയും ഇനം തിരിച്ചുള്ള സംക്ഷിപ്തമാണ് ബഡ്ജറ്റ്. സാമ്പത്തിക ആസൂത്രണത്തിന് ഒരു സ്ഥാപനത്തിന് ആശ്രയിക്കാവുന്ന ഏറ്റവും ഫലപ്രദമായ ഉപകരണമാണത്. സാമ്പത്തിക അച്ചടക്കം കൈവരിക്കുന്നതിൽ ബഡ്ജറ്റിന്റെ സ്വാധീനം വലുതാണ്. സ്ഥാപനത്തിന്റെ വിവിധ ചെലവുകൾക്ക് ലക്ഷ്യങ്ങൾക്കനുസൃതമായ മുൻഗണന നൽകി സാമ്പത്തിക സ്ഥിതി നേരായവിധത്തിൽ നിയന്ത്രിക്കുന്നതിന് ബഡ്ജറ്റ് സഹായിക്കുന്നു. 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ നിരവധി പദ്ധതികൾ വിഭാവനം ചെയ്യുന്നുണ്ടെങ്കിലും നടപ്പിലാക്കിയത് തുലോം കുറവാണ്. ഉദാഹരണത്തിന് വിധവകൾക്ക് തൊഴിൽ നൽകുന്നതിന് ബഡ്ജറ്റിൽ നിരവധി പദ്ധതികൾ ലക്ഷ്യമിടുന്നുണ്ടെങ്കിലും അവ പ്രയോഗത്തിൽ വരുത്തുന്നതിനാവശ്യമായ നടപടികൾ ഏറ്റെടുത്തുകാണുന്നില്ല. കൂടാതെ കയർ കേരസംഘങ്ങൾ രൂപീകരിച്ച് അതാത് മേഖലയിൽ പണിയെടുക്കുന്ന ജനങ്ങൾക്ക് തൊഴിലും കൂലിയും ഉറപ്പാക്കുന്ന പദ്ധതികളും ബഡ്ജറ്റിൽ മാത്രം ഒതുങ്ങിയതായാണ് കാണുന്നത്.

ബഡ്ജറ്റ് രൂപീകരണത്തിൽ ഗൗരവപൂർണ്ണമായതും പ്രായോഗികവുമായ സമീപനത്തിന്റെ അഭാവം പരിഹരിച്ച് ബഡ്ജറ്റ് കൂടുതൽ ലക്ഷ്യബോധവും അർത്ഥപൂർണ്ണവുമാക്കിമാറ്റുന്നതിനുള്ള ക്രിയാത്മക നടപടികൾ ഭരണ-ഉദ്യോഗസ്ഥ തലത്തിൽ ഉണ്ടാകേണ്ടതാണ്.

## 2-2 ഇന്ററപ്ററഡ് രശീതുകൾ ഒഴിവാക്കി സാംഖ്യ രശീതുകൾ ഉപയോഗിക്കേണ്ടതാണ്

2016-17 സാമ്പത്തിക വർഷം 13 സാധാരണ സാംഖ്യ രശീതുകളും(പരിശോധനയ്ക്ക് ലഭ്യമാക്കിയതു പ്രകാരം) 74 ഇന്ററപ്റ്റഡ് രശീതുകളും ആണ് ഉപയോഗിച്ചിട്ടുള്ളത്. 7 ക്യാൻസൽഡ് രശീതും ഉണ്ട്. മാസത്തിൽ വളരെ കുറവ് രശീതികൾ ഉപയോഗിക്കുന്ന ബ്ലോക്ക് പഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് പ്രിന്റർ ഇടയ്ക്ക മാത്രം പ്രവർത്തിപ്പിക്കുന്നതുകൊണ്ട് പ്രിന്റ് തകരാർ സംഭവിക്കുന്നെന്നും ഇതു മൂലമാണ് ഇത്രയും ഇന്ററപ്റ്റഡ് രശീതുകൾ ഉപയോഗിക്കേണ്ടി വന്നതെന്നാണ് ഭൗതിക പരിശോധന ഭാഗമായുള്ള അന്വേഷണത്തിൽ പറഞ്ഞത്. എന്നാൽ സാംഖ്യ സോഫ്റ്റ് വെയർ ൽ സാമ്പത്തിക വർഷത്തെ ടോട്ടൽ രശീത് കൗണ്ട് പ്രിന്റ് എടുത്തപ്പോൾ ടോട്ടൽ രശീതുകൾ 274 എണ്ണം ഉപയോഗിച്ചതായി കണ്ടു.
എടുത്ത കൗണ്ടർ രശീതികളുടെ എണ്ണം:-

ക്യാഷ് കൗണ്ടർ- 0

എച്ച് സി കൗണ്ടർ-89

സർവ്വർ കൗണ്ടർ-185

എന്നാൽ ആകെ 87 എൻട്രികൾ (13+74) ഡേ ബുക്കിൽ വന്നിട്ടുള്ളൂ.

274 – (87+7)=180 എണ്ണം അധികം വന്നതിനു കാരണമെന്തെന്ന ഓഡിറ്റ് എൻക്വയറിയ്ക്ക്(എൻക്വയറി നം 11/27.6.2017) ഐ.കെ. എം പ്രതിനിധികളോട് അന്വേഷിച്ച് മറുപടി ലഭ്യമാക്കാമെന്നാണ് ഓഡിറ്റ് മറുപടി നൽകിയത്. ഇന്ററപ്റ്റഡ് രശീതുകൾ ഒഴിവാക്കി സാംഖ്യ രശീതികൾ തുടർന്നുപയോഗിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 പഴയ സ്റ്റോക്കിലുള്ള സാംഖ്യ രശീതുകൾ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു

1363096 മുതൽ 1363121 വരെ സീരീസിലുള്ള പഴയ സാംഖ്യ രശീതി ഉപയോഗിക്കുന്നതിനു പകരം 1363334 മുതലുള്ള സീരീസാണ് ഉപയോഗിക്കുന്നത്. 1363334 സാംഖ്യ രശീതി സൂക്ഷിച്ചു കണ്ടില്ല. 1363334 സാംഖ്യ രശീതി കീറിപോയതായിരുന്നെങ്കിൽ ക്യാൻസൽ ചെയ്ത് സൂക്ഷിക്കേണ്ടതായിരുന്നു (എൻക്വയറി നം.11/27.06.17). പഴയ സീരീസിലെ രശീതി നമ്പർ 1363096 മുതൽ 1363121 വരെയുള്ളവ ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നതായാണ് കാണുന്നത്. 4061500 മുതൽ 4061000 വരെയുള്ള 500 പുതിയ രശീതികൾ 4.3.2016 ന സ്റ്റോക്കിലെടുത്തു കാണുന്നു .ബാക്കിയുള്ള 1363353 മുതൽ 1363500 വരെയും സ്റ്റോക്കിലുണ്ട്. ആയതിനാൽ പഴയ 173 എണ്ണം ഉപയോഗിച്ച ശേഷം ആണ് പുതിയത് എടുക്കേണ്ടത്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ജാഗ്രത പുലർത്തേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അഡ്വാൻസ് നീക്കിയിരിപ്പ് വ്യത്യാസം-അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്

‘ Temporary Advance for official purpose’ എന്ന ഹെഡ്ഡിൽ R P Shedule 47 അഡ്വൻസ് വരവായി 347109/- രൂപയും ഇതേ ഹെഡ്ഡിൽ അഡ്വാൻസ് ചെലവായി 280261/- രൂപയും ആയാണ് അക്കൗണ്ട്സിൽ വന്നിട്ടുള്ളത് (ബാലൻസ് 66848/- രൂപ). എന്നാൽ Balance Sheet B18 ഷെഡ്യൂൾ Temporary Advance for official purpose’ എന്ന ഹെഡ്ഡിൽ 16415/- രൂപയാണ് തുടർന്ന് കാണിച്ചിട്ടുള്ളത്. ബാലൻസ് തുകകളിൽ ഉള്ള വ്യത്യാസം 50433/- രൂപ. വ്യത്യാസം വന്നതിനെകുറിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 10/27.6.2017ൽ വിശദീകരണം ലഭ്യമായിട്ടില്ല. ഐ.കെ.എം പ്രതിനിധികളുമായി ആലോചിച്ച് മറുപടി ലഭ്യമാക്കാം എന്നാണ് മറുപടി തന്നിട്ടുള്ളത്. അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിരുന്നെങ്കിൽ ഓഡിറ്റ് എൻക്വയറിയിലെ വ്യത്യാസത്തിന്റെ വിശദീകരണം അക്കൗണ്ടന്റിന് നൽകാൻ കഴിയുമായിരുന്നു. അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും മേലിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-2 ബഡ്സ് സ്കൂളിലേക്കായി നൽകിട്ടുള്ള സെക്രട്ടറിയുടെ ഉടമസ്ഥതയിലുള്ള വാഹനം KL-08-BA 2966 ടാറ്റ വെൻചർ 2013ന്റെ ലോഗ്ബുക്ക് അശ്രദ്ധയോടെ കൈകാര്യം ചെയ്തതു സംബന്ധിച്ച്

ബഡ്സ് സ്കൂളിലേക്കായി നൽകിട്ടുള്ള സെക്രട്ടറിയുടെ ഉടമസ്ഥതയിലുള്ള വാഹനം KL-08-BA 2966 ടാറ്റ വെൻചർ 2013ന്റെ ലോഗ്ബുക്ക് വോള്യം 1,2 എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1)9/2016 മാസത്തെ പൂർണ്ണമായും 8/2016,10/2016 മാസങ്ങളിലെ ഭാഗികമായും വാഹന ഉപയോഗ വിവരങ്ങൾ ലോഗ്ബുക്കിൽ എഴുതിയതു ലോഗ് ബുക്ക് പേജ് ആരംഭം മുതലുള്ള 15 പേജുകളിൽ ആയിട്ടാണ്. ഡിസ്ട്രിക്റ്റ് ഫോംസ് ഓഫീസിൽ നിന്ന് 8/16 ന ലോഗ്ബുക്ക് കഴിയുന്നതിനു മുൻപ് വാങ്ങി ഉപയോഗിക്കുന്നതിനു പകരം 13.1.2017 ന ആണ് ലോഗ്ബുക്ക് വാങ്ങിയിരിക്കുന്നത്.

2 )മൈലേജ് ടെസ്റ്റ് 22.4.2015 ന ശേഷം നടത്തിയിട്ടില്ല. അറ്റകുറ്റപ്പണികൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല,റിപ്പയർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

3)സംക്ഷിപ്തക്കുറിപ്പുകൾ ഇതുവരെ സാക്ഷ്യപ്പെടുത്തിയിട്ടില്ല

4)3/2016 മാസം മുതൽ 6/2016 മാസം വരെ തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും, യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്തക്കുറിപ്പും ലോഗ്ബുക്കിൽ എഴുതിയിട്ടില്ല

5)7/16 ലെ സംക്ഷിപ്തക്കുറിപ്പിൽ തന്മാസാരംഭ കിമീ റീഡിംഗ് 32314 എന്ന് തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. യഥാർത്ഥ മുൻമാസവസാന കിമീ റീഡിംഗ് 32260 ആണ്.

ഓരോ മാസവും മൈലേജ് വ്യത്യസ്തമായാണ് സംക്ഷിപ്തക്കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുള്ളത്(എഴുതിയിട്ടുള്ള മാസങ്ങളിൽ)

| മാസം | മൈലേജ്(km/l) |
|---|---|
| 7/2016 | 11.43 |
| 10/2016 | 12.06 |
| 11/2016 | 14.62 |
| 12/2016 | 12.66 |
| 1/2017 | 11.60 |
| 2/2017 | 11.41 |
| 3/2017 | 14.36 |

6)മൈലേജ് എഴുതുന്നതിലെ വ്യത്യാസം മൂലവും വാങ്ങുന്ന ഇന്ധനത്തിന്റെ കൃത്യത കണക്കാത്തതുമൂലവും മാസ സംക്ഷിപ്ത നീക്കിയിരിപ്പിൽ ഉണ്ടായ വൈരുദ്ധ്യങ്ങൾ ഉദാഹരണങ്ങൾ സഹിതം താഴെ കൊടുക്കുന്നു

11/2016

14.62 മൈലേജ് പ്രകാരം, വാഹനം ഓടിയ കി.മി 1824/14.62 = ഇന്ധന ഉപഭോഗം 124 ലി.ഉം വാങ്ങിയത് 124.75 ലി.ഉം ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മുൻബാക്കി 5 ലി,നീക്കിയിരിപ്പ് 5 ലി. ആയാണ് കാണിച്ചിട്ടുള്ളത്.എന്നാൽ ആ മാസം വാങ്ങിയ ഇന്ധനം ബിൽ പ്രകാരം 147 ലി .ആണ്. അങ്ങനെയെങ്കിൽ യഥാർത്ഥ നീക്കിയിരിപ്പ് 152-124=28 ലി.ആണ് ആകേണ്ടിയിരുന്നത്

1/2017

11.60 മൈലേജ് പ്രകാരം, വാഹനം ഓടിയ കി.മി 1815/11.60 = ഇന്ധന ഉപഭോഗം 156.42 ലി.ഉം വാങ്ങിയത് 156.42ലി.ഉം ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മുൻബാക്കി 6ലി, നീക്കിയിരിപ്പ് 11 ലി. ആയാണ് കാണിച്ചിട്ടുള്ളത്.എന്നാൽ ആ മാസം വാങ്ങിയ ഇന്ധനം ബിൽ പ്രകാരം 188 ലി .ആണ്.അങ്ങനെയെങ്കിൽ നീക്കിയിരിപ്പ് 188-156.42=21.58ലി.ആണ് ആകേണ്ടിയിരുന്നത്.

7) ഓരോ മാസത്തെയും റണ്ണിംഗ് കി.മീ, ഇന്ധന ബാക്കി എന്നിവ കണക്കാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്. ലോഗ് ബുക്ക് സ്റ്റോക്കിലെടുക്കാത്തത് ഗുരുതരമായ വീഴ്ചയാണ്.
a)മേൽ അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി 4/22.6.17 ന് മറുപടി ലഭ്യമാക്കിയെങ്കിലും അപാകത 6 ന് നൽകിയ മറുപടി തൃപ്തികരമല്ല. 4,5,6 ൽ പറഞ്ഞ അപാകതകളിൽ വ്യക്തത വരുത്തി ലോഗ് ബുക്ക് കൃത്യത വരുത്തി ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.
b)മൈലേജ് ടെസ്റ്റ് സമയത്ത് നടത്തുകയും പിന്നീട് ഓരോ മാസത്തെയും അബ്സ്ട്രാക്റ്റ് മൈലേജ് വ്യത്യാസപ്പെടുത്താതെ എഴുതേണ്ടതുമാണ്.

c)അപാകതകൾ പരിഹരിക്കേണ്ടതും വാഹനപരിപാലനം, സംരക്ഷണം എന്നിവ സംബന്ധിച്ച സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) 170/07 ത.സ്വ.ഭ.വ 30.6.07 പ്രകാരം ലോഗ്ബുക്ക് പരിപാലിക്കുന്നുണ്ടെന്ന് ജാഗ്രതാപൂർവ്വം ഉറപ്പു വരുത്തേണ്ടതുമാണ്.

## 3-3 5000/-രൂപ ജി പി ജി ട്രഷറി അക്കൗണ്ടിലേക്ക് തെറ്റി വരവു വന്നതു തിരിച്ചടയ്ക്കേണ്ടതാണ്

25.2.2017 ൽ 5,000/- രൂപ സ്പെഷ്യൽ ടി എസ് ബി അക്കൗണ്ട് 4 ലേക്ക് വരവ് വെയ്ക്കുകയും ജിപിജി ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ പേജ് നം 97 ൽ ചേർക്കുകയും ചെയ്തിട്ടുണ്ട്. പേജിന് താഴെ ചേർത്തിട്ടുള്ള വിശദീകരണകുറിപ്പിൽ ഈ തുക ലഹരി വിമുക്തി പദ്ധതി പ്രകാരം എക്സൈസ് വകുപ്പ് ഏനമാവ്വിലുള്ള സെയിന്റ് ജോസഫ് ഹൈസ്കൂൾ ന അയക്കുന്നതിന പകരം തെറ്റി ബ്ലോക്ക് പഞ്ചായത്ത് ജിപിജി അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ളതെന്നാണ് വിശദീകരണം. തുക അയച്ച തന്ന അക്കൗണ്ടിലേക്ക് പണം തിരിച്ചടയ്ക്കുവാൻ വേണ്ടി അക്കൗണ്ട് ഉടമസ്ഥനമായി രേഖാമൂലം ബന്ധപ്പെടുകയും

തിരിച്ചടയ്ക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം 10/27.6.2017)

## 3-4 1.8.2007 ൽ സ്വാഭിമാൻ പദ്ധതിക്കു വേണ്ടി തുടങ്ങിയ ASCB അക്കൗണ്ട് 31.3.17 ൽ അക്കൗണ്ട്സിൽ ചേർത്തു

2016-17 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-9 Government and other dues payable & Refund of Unutilized Grants of prior period എന്ന ഹെഡ്ഡിൽ 2,40,216 രൂപയും B-17, RP 40 (b) പ്രകാരം അന്തിക്കാട് കോ-ഓപ്പറേറ്റിവ് അക്കൗണ്ട് എന്ന പുതിയ അക്കൗണ്ട് ഹെഡിൽ 2,40,216 രൂപ ബാലൻസും കാണുന്നുണ്ട്. ഓഡിറ്റ് എൻക്വയറിയിൽ (10/27.6.2017) ഈ അക്കൗണ്ട് 1.8.2007 ൽ സ്വാഭിമാൻ പദ്ധതിക്കു വേണ്ടി അന്തിക്കാട് സർവ്വീസ് കോപറേറ്റിവ് ബാങ്കിൽ തുടങ്ങിയ ASCB അക്കൗണ്ട് നം 300 ആണ് . ദാരിദ്ര്യ ലഘൂകരണ വിഭാഗം ജില്ല പഞ്ചായത്ത് അസി.ഡവലപ്മെന്റ് കമ്മീഷണർ എല്ലാ ബി.ഡി.ഒ മാർക്കും ബ്ലോക്ക് പരിധിയിലുള്ള ബാങ്കുകളിൽ തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെ പേരിൽ 31.10.2010 മുതലുള്ള idle/inactive/inoperative അക്കൗണ്ടുകളുടെ വിവരം നല്കുവാൻ ആവശ്യപ്പെട്ടതു പ്രകാരം 25.11.2016 ൽ അന്തിക്കാട് സർവ്വീസ് കോ-ഓപ്പറേറ്റിവ് ബാങ്കിൽ നിന്നു ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റിൽ 30.10.2010 ലെ നീക്കിയിരിപ്പ് 162426/- ആയും 27.11.2012 വരെ മാസ നിക്ഷേപം വന്നിരുന്നതായും പിന്നീട് ബാങ്ക് പലിശ നിക്ഷേപം കൂടാതെ,14.2.2014, 26.4.2016 തീയതികളിലായി 11510/-,13108/- എന്നീ തുകകൾ വ്യക്തി നിക്ഷേപം ചെയ്തിട്ടുള്ളതായും കാണുന്നു. സഹകരണ ബാങ്ക് പാസ്ബുക്ക് സെക്രട്ടറിക്ക് ഇതുവരെ ലഭ്യമാക്കിയിട്ടില്ല എന്നാണ് അറിയാൻ കഴിഞ്ഞത്. ബാങ്ക് SB Ledger പ്രകാരം 30.11.2012 ലെ മുൻബാക്കി 182581/- ഉം 31.3.2017 ലെ നീക്കിയിരിപ്പ് 240216/- ഉം ആണ്. അതുപ്രകാരം 31.3.17 ൽ സാംഖ്യ ബാങ്ക് ബുക്കിൽ റിവേഴ്സ് എൻട്രി ചെയ്തു അക്കൗണ്ട്സിൽ ചേർത്തു. ഈ അക്കൗണ്ട് ആവശ്യം എന്തു നിക്ഷേപത്തിനായിരുന്നു? ഹഡ്കോ യിൽ നിന്നു വായ്പ എടുത്തിരുന്നോ? എത്ര ഗുണഭോക്താക്കൾ ഉണ്ടായിരുന്നു? വായ്പ തിരിച്ചടവ് നടന്നിട്ടുണ്ടോ? ഇതുമായി ബന്ധപ്പെട്ട ഫയലുകളുടെ വിശദാംശങ്ങൾ വിശദമായ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-5 സംരക്ഷണ ഗ്രാന്റ്-(റോഡിതരം) ചെലവഴിക്കൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധം

*ട്രഷറി ബിൽ നം.19/16-17 തീ.31.01.17, ബിൽ തുക -1,35,000 രൂപ* ചെലവ് – 1,35,000/- (MGNR)

അടങ്കൽ തുക 2 ലക്ഷം രൂപയുള്ള '*സ്ഥാപനങ്ങൾക്ക് ഫർണ്ണിച്ചർ വാങ്ങൽ*' എന്ന പ്രൊജക്റ്റ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കി.

മേൽ പ്രൊജക്റ്റിന്റെ പേര് സൂചിപ്പിക്കുന്നത് സ്ഥാപനങ്ങൾക്കുള്ള ഫർണ്ണിച്ചർ വാങ്ങൽ എന്നാണെങ്കിലും ഫർണ്ണിച്ചർ വാങ്ങിയത് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് മാത്രമാണ്. കൂടാതെ റോഡിതര സംരക്ഷണഗ്രാന്റ് ഉപയോഗിച്ച് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് ഫർണ്ണിച്ചർ വാങ്ങിയത് നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ് [GO(Ms) No.300/2010/LSGD Dt. 10.12.10]

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 22.12.16-ലെ ജിഇ6/1220/16 നം.കത്ത് പ്രകാരം ഫർണ്ണിച്ചറുകളുടെ വില, ബ്രോഷർ, സർക്കാർ സ്ഥാപനങ്ങൾക്ക് ക്വട്ടേഷൻ/ടെണ്ടർ നടപടികളില്ലാതെ ഫർണ്ണിച്ചർ വിതരണം ചെയ്യുന്നതിന് അനുവാദം നൽകുന്ന അനുമതി പത്രം എന്നിവ അയച്ചുതരണമെന്ന് മാനേജർ, എഫ്.ഐ.ടി., ആലുവ-യോട് ആവശ്യപ്പെട്ടു. തുടർന്ന് അയച്ചുതന്ന സർക്കാർ ഉത്തരവിൽ (GO(Rt)No.15/2016/SPD Dt.14.03.2016)എഫ്.ഐ.ടി-യിൽ നിന്നും വാങ്ങാവുന്ന ഫർണ്ണിച്ചറുകളുടെ വിവരങ്ങളും വിലയും നൽകിയിട്ടുണ്ട്. ക്വട്ടേഷൻ കൂടാതെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലേയ്ക്ക് ഫർണീച്ചർ വാങ്ങുന്നതിന് എന്നാൽ സർക്കാർ ഉത്തരവിൽ ഉൾപ്പെടാത്ത ഇനമായ *'Teakwood plain table of size 240x67x75 cm'* എന്ന ഇനവും മേൽസ്ഥാപനത്തിൽനിന്നും വാങ്ങിയതിന് വിശദീകരണം നൽകേണ്ടതാണ്.

22.08.16 ന് ഭരണാനുമതി ലഭിച്ച മേൽ പ്രൊജക്റ്റിൽ വാങ്ങിയ ഫർണ്ണിച്ചറുകൾക്ക് സപ്ലൈഓർഡർ നൽകിയത് 25.01.17 ൽ ആണ്. തുടർന്ന് സ്ഥാപനം 26.04.17 നാണ് ഫർണ്ണിച്ചറുകൾ വിതരണം നടത്തിയത്. ഇത്തരം കാലതാമസം പദ്ധതി നടത്തിപ്പിൽ ഒഴിവാക്കേണ്ടതാണ്.

ഈ സാഹചര്യത്തിൽ പദ്ധതിയുടെ ചെലവു തുക 1,35,000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-6 ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമല്ലാത്ത മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു-തുക തടസ്സപ്പെടുത്തുന്നു.

ട്രഷറി ബിൽ നം.1/16-17 തീ.31.10.16 Rs.4,50,177

ട്രഷറി ബിൽ നം.4/16-17 തീ.13.03.17 Rs.1,28,232

അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ '*നായരങ്ങാടി തേവർ റോഡ് SC കോളനി സമഗ്രവികസനം*' എന്ന പ്രൊജക്ടിൽ 2016-17 സാമ്പത്തിക വർഷത്തിൽ 5,78,409 രൂപ SCP ഫണ്ടിൽനിന്നും ചെലവഴിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 42-ാം വകുപ്പ് (1) ഉപവകുപ്പ് പട്ടിക iv പ്രകാരം ഒന്നിലധികം പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന വില്ലേജ് റോഡുകളും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റ് റോഡുകളും പരിപാലിക്കുകയെന്നതാണ് ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാവുന്നത്. നിയമത്തിനു വിരുദ്ധമായി പട്ടികയിൽ ഉൾപ്പെടാത്ത റോഡ് പ്രവൃത്തി ഏറ്റെടുത്തതിനാൽ വന്ന ചെലവു തുക 5,78,409 രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി വ്യക്തിഗത ആനുകൂല്യങ്ങൾ ബ്ലോക്ക് പഞ്ചായത്ത് വഴി നൽകി-തുക തടസ്സപ്പെടുത്തുന്നു.

ട്രഷറിബിൽ നം.020/3030175 തീ.30.03.17 Rs.28,800

ട്രഷറിബിൽ നം.020/3030158 തീ.20.03.17 Rs.1,60,000

നിർ.ഉദ്യോഗസ്ഥൻ - അസി.ഡയറക്ടർ, കൃഷി.

2016-17 സാമ്പത്തിക വർഷത്തിൽ അടങ്കൽ തുക 6,00,000 രൂപയായി '*അന്തിക്കാട് കാർഷികസംഘം വഴി ബ്ലോക്കിലെ വിവിധ പഞ്ചായത്തുകളിലെ കർഷകർക്ക് ഹൈബ്രിഡ് തെങ്ങിൻ തൈ വിതരണം' (so 059/17)* എന്ന പദ്ധതി പ്രകാരം 3000 DxT തെങ്ങിൻ തൈകളും 3000 കുള്ളൻ തെങ്ങിൻ തൈകളും വിതരണം ചെയ്യാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ അപേക്ഷകരുടെ കുറവുമൂലം 1200 DxT തെങ്ങിൻ തൈകളും 1200 കുള്ളൻ തെങ്ങിൻ തൈകളും മാത്രമേ വിതരണം ചെയ്യാൻ സാധിച്ചിട്ടുള്ളൂവെന്ന് ഫയൽ, അനുബന്ധരേഖകൾ എന്നിവ പരിശോധിച്ചതിൽനിന്നും കാണുന്നു. പദ്ധതി നടത്തിപ്പിൽ വന്നിട്ടുള്ള താഴെ കൊടുത്ത അപാകതകൾക്ക് വിശദീകരണം നൽകുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(നം.6) ക്ക തൃപ്തികരമായ മറുപടി ലഭിക്കുകയുണ്ടായില്ല.

1)125 രൂപ നിരക്കിൽ 400 DxT തെങ്ങിൻ തൈകളും 65 രൂപ നിരക്കിൽ 400 കുള്ളൻ തെങ്ങിൻ തൈകളും വാങ്ങിയതിന് (Invoice No.1678/16-17 Dt.28.03.17)ട്രഷറി ബിൽ നം.020/3030175 തീ.30.03.17 പ്രകാരം 28,800 രൂപ പിൻവലിച്ച് Govt.Coconut Nursery, ഇരിഞ്ഞാലക്കുടക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഗുണഭോക്തൃ വിഹിതമായി 47,200 രൂപ സ്ഥാപനത്തിന് നേരിട്ട് നല്കിയതിന് രശീതി(നം.23 ബുക്ക് നം.333 തീ.10.05.17) ലഭിച്ചിട്ടുണ്ട്. Invoice No. 117/16-17 തീ.10.03.17 പ്രകാരം സംസ്ഥാന വിത്തുൽപ്പാദനകേന്ദ്രം, മണ്ണുത്തിയിൽ നിന്നും തെങ്ങിൻ തൈകൾ വാങ്ങിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു;

*Invoice No.116/16-17 Dt.09.03.17*

Dwarf coconut seedlings 400 Nos. @75 = 30,000

DxT coconut seedlings 400 Nos. @125 = 50,000

Total = 80,000

======

*Invoice No.117/16-17 Dt.10.03.17*

Dwarf coconut seedlings 400 Nos. @75 = 30,000

DxT coconut seedlings 400 Nos. @125 = 50,000

Total = 80,000

======

കൂടാതെ loading & unloading charges ആയി 4800 രൂപ ചെലവഴിച്ചുകാണുന്നു. 2400 തെങ്ങിൻ തൈകളുടെ ആകെ വില = 2,36,000 രൂപയും (76,000+80,000+80,000)കയറ്റിറക്ക് കൂലി 4800 രൂപയുമടക്കം 2,40,800 രൂപയാണ്. സ.ഉ.(എം.എസ്.)നം.4/2016/തസ്വഭവ തീ.11.01.2016 പ്രകാരം തെങ്ങിൻ തൈകൾക്ക് നൽകാവുന്ന സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി 75% ആണ്. ആയതിനാൽ 2,40,800 രൂപയുടെ 25% ആയ 60,200 രൂപ ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കേണ്ടതായിരുന്നു. എന്നാൽ 47,200 രൂപ മാത്രമാണ് പിരിച്ചെടുത്തിട്ടുള്ളത്. വ്യത്യാസമുള്ള 13,000 രൂപ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടമായതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കേണ്ടതാണ്.

2)ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല.

3)2016-17 വാർഷിക പദ്ധതി മാർഗ്ഗരേഖ (സ.ഉ.(എം.എസ്.)നം.4/2016/തസ്വഭവ തീ.11.01.2016) ഖണ്ഡിക നം.6.15(xiv),അനുബന്ധം 15-ലെ ഖണ്ഡിക 7.1 എന്നിവ പ്രകാരം വ്യക്തികൾക്കും കുടുംബങ്ങൾക്കും വസ്തുക്കളോ ആസ്തികളോ ധനസഹായം നൽകുന്നതിനുള്ള പ്രൊജക്ടുകൾ ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുക്കുവാൻ പാടുള്ളതല്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്ന പ്രൊജക്ട് ഏറ്റെടുത്തിരിക്കുന്നു.

4)GO(P)No.177/2006/Fin. Dt.12.04.06 ഖണ്ഡിക നം.26.4 പ്രകാരം ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കേണ്ടത് തദ്ദേശഭരണ സ്ഥാപനത്തിന്റെ രശീതി മുഖേന ആയിരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഗുണഭോക്തൃ വിഹിതം നിർവ്വണ ഉദ്യോഗസ്ഥൻ നേരിട്ട് പിരിച്ചെടുത്തിട്ടുണ്ടെങ്കിലും ഗുണഭോക്താക്കൾക്ക് രശീതി നൽകിയതായി കാണുന്നില്ല. കൂടാതെ പിരിച്ചെടുത്ത തുക തദ്ദേശഭരണസ്ഥാപനത്തിൽ ഒടുക്കിയതായും കാണുന്നില്ല.

5)ഗുണഭോക്താക്കൾ തൈകൾ കൈപ്പറ്റിയതായുള്ള രശീതി ഹാജരാക്കിയിട്ടില്ല.

6)നിർവ്വഹണോദ്യോഗസ്ഥൻ ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം തെങ്ങിൻതൈകൾ സ്റ്റോക്കിലെടുത്തിരിക്കുന്നതും വിതരണം നടത്തിയിരിക്കുന്നതും കൃഷി അസി.ഡയറക്ടർ ഓഫീസ് വഴിയാണ്. സഹകരണസംഘത്തിന്റെ പങ്കെന്താണെന്ന് വിശദീകരിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വ്യക്തവും തൃപ്തികരവുമായ മറുപടി ലഭിക്കുന്നതുവരേക്ക് പദ്ധതിയുടെ ആകെ ചെലവു തുകയിൽനിന്നും നിരാകരിച്ച തുക കുറച്ച് (2,36,000 – 13,200) 2,22,800 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-8 വനിതാ ഗ്രൂപ്പുകൾക്ക് തെങ്ങിൻ തൈ വിതരണം - മാർഗ്ഗരേഖക്കു വിരുദ്ധമായ നടത്തിപ്പ്.

ട്രഷറി ബിൽ നം.020/3030164 തീ.29.03.17 Rs.2,34,720

കൃഷി അസി.ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ *'വനിതാ ഗ്രൂപ്പുകൾക്ക് തെങ്ങിൻ തൈ വിതരണം'* എന്ന പ്രൊജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് കണ്ടെത്തിയ താഴെ കാണുന്ന അപാകതകൾക്ക് മറുപടി നൽകേണ്ടതാണെന്നറിയിച്ച് ഓഡിറ്റ് എൻക്വയറി(നം.12)നൽകിയിരുന്നുവെങ്കിലും തൃപ്തികരമായ മറുപടി ലഭിക്കുകയുണ്ടായില്ല.

1.പ്രൊജക്ട് പ്രകാരം അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള 5 പഞ്ചായത്തുകളിലെ വനിതാഗ്രൂപ്പുകൾക്ക് ഹൈബ്രിഡ് തെങ്ങിൻ തൈകൾ വിതരണം നടത്തുന്നതിന് വിഭാവനം ചെയ്തു. അതിൻപ്രകാരം 3,000 തൈകൾ വിവിധ സർക്കാർ സ്ഥാപനങ്ങളിൽനിന്നും വാങ്ങുകയും ഗുണഭോക്തൃ വിഹിതം കഴിച്ച് ബാക്കി തുക 2,34,720 രൂപ ട്രഷറി ബിൽ നം.020/3030164 തീ. 29.03.17 പ്രകാരം പിൻവലിക്കുകയും തൈകൾ വിതരണം ചെയ്ത സ്ഥാപനങ്ങൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു;

Invoice No.166/16-17/18.03.17 Rs.1,25,400

Govt.Coconut Nursery,Irinjalakuda

DxT Seedlings 660 Nos. @125 = 82,500

Segregant seedlings 660 Nos. @65 = 42,900

ആകെ = 1,25,400

========

Invoice No.217/16-17/17.03.17 Rs.1,05,000

Model Horticulture Farm, Kannara

DxT Seedlings 840 Nos. @125 = 1,05,000

Invoice No.216/16-17/17.03.17 Rs.63,000

Dwarf coconut Seedlings 840 Nos. @75 = 63,000

ഗുണഭോക്താക്കളിൽനിന്നും പിരിച്ചെടുത്ത വിഹിതം നിർവ്വഹണോദ്യോഗസ്ഥൻ താഴെ കൊടുത്തതു പ്രകാരം സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്.

എ)Rs.25,080 DD No. 878221/04.05.17 - Govt.Coconut Nursery , Irinjalakuda

ബി)Rs.12,600 DD No.878222/04.05.17 - State Seed Farm, Pananchery

സി)Rs.21,000 DD No.878223/04.05.17 = Model Horticulture farm, Kannara

പദ്ധതിയുടെ മൊത്തം ചെലവു തുകയായ 2,93,400 രൂപയിൽ 58,680 രൂപയാണ് ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്തത്. സ.ഉ.(എം.എസ്.)നം.4/2016/തസ്വഭവ തീ.11.01.2016 പ്രകാരം തെങ്ങിൻ തൈകൾക്ക് നൽകാവുന്ന സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി 75% ആണ്. ആയതിനാൽ 2,93,400 രൂപയുടെ 25% ആയ 73,350 രൂപ ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കേണ്ടതായിരുന്നു. എന്നാൽ 58,680രൂപ മാത്രമാണ് പിരിച്ചെടുത്തിട്ടുള്ളത്. വ്യത്യാസമുള്ള 14,670 രൂപ ബ്ലോക്ക് പഞ്ചായത്തിന് സംഭവിച്ച വ്യക്തമായ നഷ്ടമായതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കേണ്ടതാണ്.

2.തെങ്ങിൻ തൈകൾ വിതരണം നടത്തിയ 3 സ്ഥാപനങ്ങൾക്ക് തുക NEFT പ്രകാരം കൈമാറിയിട്ടുണ്ടെങ്കിലും സ്ഥാപനങ്ങളുടെ കൈപ്പറ്റ് രശീതി ലഭിച്ചിട്ടില്ല.

3.തെങ്ങിൻ തൈകൾ വിതരണം നടത്തിയതിന് രേഖകൾ ലഭ്യമല്ല.

4.GO(P)No.177/2006/Fin. Dt.12.04.06 ഖണ്ഡിക നം.26.4 പ്രകാരം ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കേണ്ടത് തദ്ദേശഭരണ സ്ഥാപനത്തിന്റെ രശീതി മുഖേന ആയിരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഗുണഭോക്തൃ വിഹിതം നിർവ്വണ ഉദ്യോഗസ്ഥൻ നേരിട്ട് പിരിച്ചെടുത്തതിന് ഗുണഭോക്താക്കൾക്ക് രശീതി നൽകിയതായി കാണുന്നില്ല. കൂടാതെ പിരിച്ചെടുത്ത തുക തദ്ദേശഭരണസ്ഥാപനത്തിൽ ഒടുക്കിയതായും കാണുന്നില്ല.

ഈ സാഹചര്യത്തിൽ അപാകതകൾക്ക് വ്യക്തവും തൃപ്തികരവുമായ മറുപടി ലഭിക്കുന്നതുവരേക്ക് ചെലവുതുകയിൽനിന്നും നിരാകരിച്ച തുക കുറച്ച്(2,34,720 – 14,670) 2,20,050 രൂപ തടസ്സപ്പെടുത്തുന്നു.

## 3-9 ഇന്ദിര ആവാസ് യോജന – സ്പിൽ ഓവർ വീടുകളുടെ പൂർത്തീകരണം -നിരീക്ഷണങ്ങൾ

കേന്ദ്ര കാബിനറ്റിന്റെ 23.03.2016 ലെ അംഗീകാരം പ്രകാരം ഇന്ദിര ആവാസ് യോജന (ഐ.എ.വൈ) നിർത്തലാക്കി. ഈ പദ്ധതി 2016 – 17 മുതൽ പ്രധാൻ മന്ത്രി ആവാസ് യോജന (ഗ്രാമീൺ) എന്ന പേരിൽ 01.04.2016 മുതൽ നടപ്പിലാക്കിവരുന്നു. ഇന്ദിര ആവാസ് യോജന ഭവന പദ്ധതി പ്രകാരം പട്ടിക ജാതി - പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്ന് ലഭിക്കേണ്ട തുക തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കാൻ 07.10.2016 ലെ സ.ഉ.(സാ) നം. 2850 / 2016 / തസ്വഭവ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ ഐ. എ.വൈ / പി.എം. എ.വൈ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നം. : 11 / 17 പി.എം. എ.വൈ(ജനറൽ)

അടങ്കൽ തുക : 3,20,000

ചെലവ് :3,20,00

<u>പ്രൊജക്ട് നം. : 12 / 17 പി.എം. എ.വൈ(എസ് സി)</u>

അടങ്കൽ തുക : 1,60,000

ചെലവ് :1,60,000

<u>പ്രൊജക്ട് നം. : SO 87 / 17</u>

സർക്കാർ ഉത്തരവ് പ്രകാരമുള്ള ഐ. എ.വൈ(എസ് സി) അധിക വിഹിതം(15 - 16)

അടങ്കൽ തുക : 943271

ചെലവ് : 943271

<u>പ്രൊജക്ട് നം. : SO 88 / 17</u>

സർക്കാർ ഉത്തരവ് പ്രകാരമുള്ള ഐ. എ.വൈ(എസ് സി) അധിക വിഹിതം (15 - 16)

അടങ്കൽ തുക : 5295000

ചെലവ് : 5295000

<u>പ്രൊജക്ട് നം. : SO 103 / 17</u>

ഐ. എ.വൈ സ്പിൽ ഓവർ, വീടുകൾക്ക് സംസ്ഥാന വിഹിതം

അടങ്കൽ തുക : 227325

ചെലവ് : 227325

ഐ. എ.വൈ പദ്ധതി പ്രകാരം 2011 – 12 മുതലുള്ള വർഷങ്ങളിൽ കരാർ വെച്ച് പണി ആരംഭിച്ച 1844 ഗുണഭോക്താക്കളിൽ 1716 പേർ പണി പൂർത്തീകരിച്ചു. 2016 – 17 വർഷത്തിൽ പണി ആരംഭിച്ച 55 ഗുണഭോക്താക്കളിൽ ഒരാൾക്ക് മാത്രമാണ് പണി പൂർത്തീകരിക്കാനായത്.

31.03-2017 ൽ ആകെ 128 ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കാത്തവരായുണ്ട്. ഗ്രാമവികസന കമ്മീഷണറുടെ 31.12.2016 ലെ സർക്കുലർ നം. 7644 / എച്ച് & റ്റി / 2016 / സി ആർ ഡി പ്രകാരം ഐ.എ.വൈ.സ്പിൽ ഓവർ വീടുകളുടെ പൂർത്തികരണത്തിന് ജനകീയ പങ്കാളിത്തത്തോടെ ഒരു കർമ്മ പരിപാടി തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിരുന്നു. 2007 – 08 മുതൽ 2015 -16 വരെ ഭവനനിർമ്മാണത്തിന് ധനസഹായം കൈപറ്റി പൂർത്തീകരിക്കാൻ ഉള്ളതായി കണ്ടെത്തുന്ന വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ, 2017 ജനുവരിയിൽ തുടങ്ങി മാർച്ചിൽ പൂർണ്ണമായും നിർമാണം പൂർത്തികരിക്കത്തക്കവിധം നിശ്ചിത സമയക്രമം പാലിച്ച് നടപ്പാക്കേണ്ട കർമ്മ പരിപാടിയാണ് പ്രസ്തുത സർക്കുലർ മുന്നോട്ടു വെച്ചത്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ കർമ്മപരിപാടിക്ക് രൂപം നൽകിയതായി പറയുന്നുണ്ടെങ്കിലും ആലക്ഷ്യം കൈവരിച്ചോ എന്ന് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. സർക്കുലർ നിർദ്ദേശാനുസരണം 79 വീടുകളെ അഞ്ച് വിഭാഗമാക്കി തിരിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിഭാഗം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | എ വിഭാഗം | 01 |
| 2 | ബി വിഭാഗം | 36 |
| 3 | സി വിഭാഗം | 33 |
| 4 | ഡി വിഭാഗം | 5 |
| 5 | ഇ വിഭാഗം | 4 |

മേൽ പ്രകാരം വീടുകളുടെ കണക്കെടുത്തതല്ലാതെ തുടർപ്രവർത്തനങ്ങൾ നടത്തിയിട്ടില്ല എന്ന് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് വിലയിരുത്തുന്നു.

നിലവിലുള്ള അക്കൗണ്ടുകളുടെ വിവരം

| ഇനം | അക്കൗണ്ട് നമ്പർ | ബ്രാഞ്ച് | 31.03.16 ന് നീക്കിയിരിപ്പുള്ള തുക | 01.04.17 ന് നീക്കിയിരിപ്പുള്ള തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| കേന്ദ്ര വിഹിതം | 551002010000805 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പെരിങ്ങോട്ടുകര | 1,79,44,704 | 966 |
| ഗ്രാമ പഞ്ചായത്ത് വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം, | 551002010010941 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പെരിങ്ങോട്ടുകര | 1,25,36,615 | 70,51,255 |
| പട്ടികജാതി വികസന വകുപ്പിൽ നിന്നും ലഭിച്ച തുക, സംസ്ഥാന വിഹിതം | 551002010011253 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പെരിങ്ങോട്ടുകര | 10,25,725 | 37,38,726 |

മേൽപ്പറഞ്ഞ അക്കൗണ്ടുകളിൽ നീക്കിയിരിപ്പുള്ള തുക സർക്കാർ നിർദ്ദേശാനുസരണം പൂർത്തിയാകാത്ത വീട്ടുകൾക്ക് ഉപയോഗപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

കേന്ദ്ര ഫണ്ട് തിരികെ അടവാക്കിയതിന്റെ വിവരം

| ക്രമ നം. | ബ്ലോക്ക് പഞ്ചായത്തിന്റെ പേര് | ഐ. എ. വൈ അക്കൗണ്ടിൽ നിന്നും സി.ആർ.ഡിയിലേയ്ക്ക് ആർ.ടി.ജി.എസ് മുഖേന നൽകിയ തുക (ഒന്നിൽ കൂടുതൽ തവണകളായിട്ടാണ് തുക കൈ മാറിയിട്ടുള്ളതെങ്കിൽ ഓരോ തവണയും നൽകിയ തുകയുടെ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്) | ഐ. എ. വൈ ഭരണ ചെലവ് അക്കൗണ്ടിൽ നിന്നും സി.ആർ.ഡിയി ലേയ്ക്ക് ആർ.ടി.ജി.എസ് മുഖേന നൽകിയ തുക (ഒന്നിൽ കൂടുതൽ തവണ കളായിട്ടാണ് തുക കൈ മാറിയിട്ടുള്ളതെങ്കിൽ ഓരോ തവണയും നൽകിയ തുകയുടെ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്) | എഫ് സി.ആർ. ഡി യി ലേയ്ക്ക് ആർ.ടി.ജി. എസ് മുഖേന നൽകിയ തിയ്യതി | ഐ. എ. വൈ യുടെ തുക സി. ആർ.ഡിയിലേയ്ക്ക് നിക്ഷേപിച്ച ബാങ്കിന്റെ പേര്, ബ്രാഞ്ച്, അക്കൗണ്ട് നമ്പർ | ഐ. എ. വൈ ഭരണ ചെലവ് തുക സി. ആർ.ഡിയി ലേയ്ക്ക് നിക്ഷേപിച്ച ബാങ്കിന്റെ പേര്, ബ്രാഞ്ച്, അക്കൗണ്ട് നമ്പർ |
|---|---|---|---|---|---|---|
| 1 | അന്തിക്കാട് | 17808464 | 888177 | 13/05/2016 | Union Bank Peringottukara A/cNo. 551002010000805 | State Bank of Travancore Thiruvananthapuram A/c No. 67331730331 |
| 2 | അന്തിക്കാട് | 372543 | 5615 | 28/03/2017 | Union Bank Peringottukara A/cNo. 551002010014795 | State Bank of Travancore Thiruvananthapuram A/c No. 67331730331 |
| 3 | അന്തിക്കാട് | 38321 | - | 21/05/2017 | Union Bank Peringottukara A/cNo. 551002010014795 | State Bank of Travancore Thiruvananthapuram A/c No. 67331730331 |

## 3-10 പദ്ധതി ആസൂത്രണവും നിർവ്വഹണവും-ഒരു പരിശോധന

2016-17 വാർഷിക പദ്ധതി മാർഗ്ഗരേഖ പ്രകാരം പ്രാദേശിക വികസനവും സാമൂഹ്യനീതിയും സാധ്യമാക്കുവാൻ ദീർഘവീക്ഷണത്തോടെ പദ്ധതിക്ക് രൂപം നൽകുകയും അതിനനുസൃതമായി ഫലപ്രദമായ പ്രൊജക്ടുകൾ തയ്യാറാക്കുകയും

വേണം. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭൂപ്രദേശത്തിന്റെയും അവിടുത്തെ ജനങ്ങളുടെയും സമഗ്ര വികസനവും പുരോഗതിയും ആയിരിക്കണം പദ്ധതി ആസൂത്രണത്തിന്റെ മുഖ്യലക്ഷ്യം. എന്നാൽ അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണത്തിന്റെ കണക്കുകൾ പരിശോധിക്കുമ്പോൾ പദ്ധതി ആസൂത്രണ പ്രക്രിയയും നിർവ്വഹണവും ശരിയായ ദിശയിലല്ലെന്നു പറയേണ്ടിവരുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു;

ചെറുകിട വ്യവസായവർക്കിങ്ങ് ഗ്രൂപ്പ് മിനിറ്റ്സ് പരിശോധിച്ചതിൽനിന്നും വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 16.07.16-ന് കൂടിയ ചെറുകിട വ്യവസായവർക്കിങ്ങ് ഗ്രൂപ്പ് താഴെ കൊടുത്തിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയുണ്ടായി.

1. വനിത പപ്പട നിർമ്മാണ യൂണിറ്റ്

അടങ്കൽ തുക – 3 ലക്ഷം രൂപ വീതം(ഒരു ഗ്രൂപ്പിന്)

2. വനിത കാറ്ററിങ്ങ് യൂണിറ്റ്

അടങ്കൽ തുക - 4 ലക്ഷം രൂപ വീതം (ഒരു ഗ്രൂപ്പിന്)

3. റെഡിമെയ്ഡ് ഗാർമെന്റ്/ തുണിസഞ്ചി നിർമ്മാണ യൂണിറ്റ്

അടങ്കൽ തുക – 2 ലക്ഷം രൂപ വീതം(ഒരു ഗ്രൂപ്പിന്)

4. LED ബൾബ്/ അനുബന്ധ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റ്

അടങ്കൽ തുക – 4 ലക്ഷം രൂപ വീതം(ഒരു ഗ്രൂപ്പിന്)

04.03.16ന് അവതരിപ്പിക്കുകയും ഭരണസമിതി അംഗീകരിക്കുകയും ചെയ്ത 2016-17 ലെ ബജറ്റിലും സമാനമായ ലക്ഷ്യങ്ങൾ വിഭാവനം ചെയ്യുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്ത് ഹാജരാക്കിയ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം വ്യവസായവികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 6 പദ്ധതികൾ ഉണ്ടെങ്കിലും ഒരു പദ്ധതിക്ക് പോലും ചെലവ് വന്നതായി കാണുന്നില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ സ്വന്തം പദ്ധതികൾ നടപ്പിലാക്കാൻ സ്വന്തമായി ഒരു വ്യവസായ വികസന ഓഫീസർ ഉണ്ടങ്കിലും പദ്ധതികൾ നടപ്പാക്കുന്ന വിഷയത്തിൽ ആവശ്യമായ ശ്രദ്ധാന്തി ഉണ്ടായിട്ടില്ല.

ആസൂത്രണം ചെയ്യുകയും നിർവ്വഹിക്കാതിരിക്കുകയും ചെയ്ത പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു;

| നിർ.ഉദ്യോഗസ്ഥൻ | സ്പിൽ ഓവർ | പുതിയത് | ആകെ | നിർവ്വഹണം നടത്തിയത് | ശതമാനം |
|---|---|---|---|---|---|
| വ്യവസായ വികസന ഓഫീസർ | 0 | 4 | 4 | 0 | 0 |
| അസി. എക്സി.എഞ്ചിനിയർ | 4 | 23 | 27 | 6 | 22 |
| സെക്രട്ടറി | 2 | 13 | 15 | 10 | 67 |

തദ്ദേശഭരണസ്ഥാപനത്തിന്റെ ഭൂപ്രദേശത്തിന്റെയും അവിടുത്തെ ജനങ്ങളുടെയും വികസനവും പുരോഗതിയും മുന്നിൽക്കണ്ട് പദ്ധതി ആസൂത്രണം ചെയ്യാനും ആസൂത്രണം ചെയ്ത പദ്ധതികൾ നിർവ്വഹിക്കാനും ആവശ്യമായ ജാഗ്രത ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും ഭാഗത്തുനിന്നും ക്ഷണിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് ഗ്രാമപഞ്ചായത്ത് | 2016-17 | 520000<br>896000 | പി എം വൈ അധിക വിഹിതം(ജനറൽ) | 520000<br>700000 | 0<br>196000 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 960000<br>392000 | പി എം വൈ അധിക | 160000<br>224000 | 800000<br>168000 |

| | | | | | |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | | | വിഹിതം(എസ് സി) | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2016-17 വർഷം ലഭിച്ച 4500/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2006-07 | 3(5)(6) | 3300/- | ടി വി ബാബു, ഫോർമർ ബ്ലോക്ക് മെമ്പർ | 9439110004 13.4.2016 |
| 1998-99 | 3-8 | 1200/- | പി വി പൈലി, റിട്ടയേഡ് ബി.ഡി.ഒ | 9439110030 20.10.2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,46,80,354 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,42,08,672 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1156259 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 1,35,000 | ശ്രീ ടി.ജി.അഭിജിത്ത് സെക്രട്ടറി |
| 3-6 | 5,78,409 | ശ്രീ എം കെ സജീവ്, അസി.എക്സി.എഞ്ചിനീയർ |
| 3-7 | 2,22,800 | ശ്രീ വി ആർ നരേന്ദ്രൻ അസി.ഡയറക്ടർ, കൃഷി. |
| 3-8 | 2,20,050 | ശ്രീ വി ആർ നരേന്ദ്രൻ അസി.ഡയറക്ടർ, കൃഷി |
| ആകെ | 11,56,259 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1995-96,96-97,97-98 | എൽ.എഫ്.ടി.15-1468/98 /10.5.99 | |
| 1998-99 ചെലവ് | എൽ.എഫ്.ടി.15-1775/06 /5.3.07 | |
| 1998-99വരവ് | എൽ.എഫ്.ടി.21-69/08 /13.4.09 | |
| 1999-2000 | എൽ.എഫ്.ടി.21-70/08 /13.4.09 | |
| 2000-01 | എൽ.എഫ്.ടി.21-71/08 /13.4.09 | |
| 2001-02 | എൽ.എഫ്.ടി.21-72/08 /13.4.09 | |
| 2002-03 | എൽ.എഫ്.ടി.21-73/08 /13.4.09 | |
| 2003-04 | എൽ.എഫ്.ടി.21-75/08 /13.4.09 | |

| | | |
|---|---|---|
| 2004-05 | എൽ.എഫ്.ടി.(ബി.പി)385/11/ 17.9.11 | |
| 2005-06 | എൽ.എഫ്.ടി.(ബി.പി)386/11/ 17.9.11 | |
| 2006-07 | എൽ.എഫ്.ടി.(ബി.പി)387/11/ 17.9.11 | |
| 2007-08 | എൽ.എഫ്.ടി.(ബി.പി)388/11/ 17.9.11/15.10.13 | |
| 2008-09 to10-11 | എൽ.എഫ്.ടി. (ബി.പി)1475/12/ 15.2.13/26.03.13 | |
| 2011-12 | എൽ.എഫ്.ടി.(ബി.പി)229/13/ 15.4.13/3.8.13 | |
| 2012-13 | എൽ.എഫ്.ടി. (ബി.പി)1276/2014/ 10.10.14/12.11.14 | |
| 2013-14 | കെ എസ് എ ടി എസ് ആർ(ബിപി2)1683/2015 തീയതി 5.12.2015/7.1.2016 | |
| 2014-15,2015-16 | കെ എസ് എ ടി എസ് ആർ(ബിപി)772/17 തീയതി 27.5.2017 | |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ